# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 08/22 (203rd) Meeting of the Syndicate held on 12.10.2022 at 11.00 am at University Head Quarters, Kalady

**Members Present:**

| | | |
|---|---|---|
| 1. | ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ | - ഒപ്പ് |
| 2. | ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ | - ഒപ്പ് |
| 3. | അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 4. | പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 5. | ഡോ. ബിച്ചു എക്സ്. മലയിൽ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 6. | ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 7. | പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 8. | ഡോ. കെ. എം. അനിൽ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 9. | ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 10. | ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം | (ഓൺലൈൻ) |

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ മുലായം സിങ്ങ് യാദവ്, വിദ്യുച്ഛക്തി, ട്രാൻസ്പോർട്ട് വകുപ്പുകളുടെ മന്ത്രിയായിരുന്ന ശ്രീ ആര്യാടൻ മുഹമ്മദ്, ആഭ്യന്തര, വിനോദസഞ്ചാര വകുപ്പുകളുടെ മന്ത്രിയായിരുന്ന ശ്രീ കൊടിയേരി ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

23.08.2022 തീയതിയിലെ 202-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. പാലക്കാട് ജില്ലയിലെ മേലാർകോട് പഞ്ചായത്തിൽ ചേരാമംഗലത്ത് പ്രസിദ്ധമായ കോന്തലത്ത് തറവാട്ടിൽ കാലങ്ങളായി കൈവശം സൂക്ഷിച്ചിരുന്ന പുരാതനവും വിലമതിക്കാനാവാത്തതുമായ താളിയോല ഗ്രന്ഥശേഖരം 29.08.2022 ന് പ്രസ്തുത തറവാട്ടിലെ അംഗമായ ശ്രീ. സുകുമാരമേനോൻ സർവകലാശാലയ്ക്ക് കൈമാറി. ഈ ഗ്രന്ഥ ശേഖരത്തിന്റെ ഡിജിറ്റലൈസേഷൻ പ്രവൃത്തി നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയും കോന്തലത്ത് തറവാട്ടുകാരും തമ്മിലുള്ള ഒരു എഗ്രിമെന്റ് അന്നേദിവസം ഒപ്പു വച്ചു.

2. സർവകലാശാലയിലെ ഒന്നാം സെമസ്റ്റർ ബിരുദ ക്ലാസ്സുകൾ 12.09.2022 ന് ആരംഭിച്ചു.

3. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ധനസഹായത്തോടെ സർവകലാശാലയിലെ ഹിന്ദി വിഭാഗം 26.09.2022 മുതൽ 30.09.2022 വരെ സംഘടിപ്പിച്ച എറുഡൈറ്റ് സ്കോളർ ഇൻ റസിഡന്റ് പ്രഭാഷണപരമ്പരയുടെ ഭാഗമായി 26.09.2022 ന് കൽക്കത്ത സർവകലാശാലാ പ്രൊഫസറും ഹിന്ദി വിഭാഗം മേധാവിയുമായിരുന്ന പ്രൊഫ. ശംഭുനാഥ് മുഖ്യ പ്രഭാഷണം നടത്തി.

4. ലഹരിക്കെതിരെ പൊരുതാം എന്ന ടാഗ് ലൈനോടെ ഒരു മാസം നീണ്ടു നിൽക്കുന്ന കേരള സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനായ 'നോ റ്റു ഡ്രഗ്സ് ' - ന് തുടക്കം കുറിച്ചുകൊണ്ടുള്ള സംസ്ഥാനതല ഉദ്ഘാടനത്തിന്റെ ഭാഗമായുള്ള മുഖ്യമന്ത്രിയുടെ വിക്ടേഴ്സ് ചാനലിലൂടെയുള്ള ലഹരി വിരുദ്ധ പ്രഭാഷണം ഒക്ടോബർ ആറിന് സർവകലാശാലാ സമൂഹം ശ്രവിക്കുകയും വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കുകയും ക്യാമ്പസിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ ജാഥയിൽ പങ്കെടുക്കുകയും ചെയ്തു. സർവകലാശാലയിൽ ലഹരി വസ്തുക്കളുടെ വിപണനം, വിതരണം, ഉപയോഗം എന്നിവക്കെതിരെ വിദ്യാർത്ഥി സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. ഒക്ടോബർ 11, 12 തീയതികളിലായി സർവകലാശാലാ മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന സംസ്കൃതദിനാചരണം വാരണാസി ഹിന്ദു സർവകലാശാലാ പ്രൊഫസർ ഡോ. സച്ചിദാനന്ദ മിശ്ര ഒക്ടോബർ 11 ന് ഉദ്ഘാടനം ചെയ്തു.

6. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ധനസഹായത്തോടെ 11.10.2022 മുതൽ 14.10.2022 വരെ സർവകലാശാലയിലെ ഇംഗ്ലീഷ് വിഭാഗം സംഘടിപ്പിക്കുന്ന എറുഡൈറ്റ് സ്കോളർ ഇൻ റസിഡന്റ് പ്രഭാഷണ പരമ്പരയിൽ 11.10.2022 ന് പരിസ്ഥിതി ചിന്തകനും ഓസ്ട്രേലിയൻ അക്കാദമി ഓഫ് ദി ഹ്യുമാനിറ്റീസ് ഫെലോയുമായ പ്രൊഫ. സ്റ്റീഫൻ മൂക്കി മുഖ്യ പ്രഭാഷണം നടത്തി.

7. കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ കോസ്മോസ് മലബാറിക്കസ് എന്ന പ്രോജക്റ്റുമായി സർവകലാശാലയുടെ സഹകരണം ആവശ്യപ്പെട്ടതനുസരിച്ച് ഒരു ധാരണാപത്രം ഒപ്പിടാനുള്ള നടപടികൾ ആരംഭിക്കുകയും 28.01.2021 ൽ കൂടിയ 187 -ാം സിൻഡിക്കേറ്റ് യോഗം ഇതിന് അനുവാദം നൽകുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ഡോ. പി. കെ മൈക്കിൾ തരകൻ സന്നദ്ധത പ്രകടിപ്പിച്ചു.

8. നാഷണൽ സർവ്വീസ് സ്കീം (NSS) സ്ഥാപകദിനത്തിൽ പ്രഖ്യാപിച്ച NSS നേതൃത്വ അവാർഡ് ലഭിച്ച സർവകലാശാലാ ഹിന്ദി വിഭാഗം പ്രൊഫസറായ ഡോ. പി. എച്ച്. ഇബ്രാഹിംകുട്ടിയെ അഭിനന്ദിക്കുന്നു.

9. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചു കൊണ്ട് അജൻഡകളിൽ മേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചു കൊള്ളുന്നു.

ഡോ. എം. മണിമോഹനൻ, ഡോ. ആർ. ശശിധരൻ എന്നീ സിൻഡിക്കേറ്റംഗങ്ങളുടെ ലീവ് അപേക്ഷ അംഗീകരിച്ചു.

## **Item No. 2**

Award of Ph.D Degree

a) Sri. Priyadharsan I in Sanskrit Vedanta [No. EA/PhD/716/SSUS/2021(1)]
b) Sri. Aboobakkar Siddiq T.S in History [No. EA/PhD/717/SSUS/2021(1)]
c) Smt. Ashitha R.Kin Sanskrit Nyaya [No. EA/PhD/655/SSUS/2019(1)]
d) Smt. Salini V.G in English [No. EA/PhD/707/SSUS/2021(1)]
e) Smt. Geethu S. Nath in Sanskrit Sahitya [No. EA/PhD/718/SSUS/2021(1)]
f) Smt. Lisha C.R in Manuscriptology [No. EA/PhD/724/SSUS/2021(1)]
g) Smt. Dhanya P.D in Malayalam [No.EA/PhD/692/SSUS/2021 (1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 07.10.2022, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Sri. Priyadharsan I | Faculty of Indian Metaphysics | 30.08.2022 |
| b) | Sri. Aboobakkar Siddiq T.S | Faculty of Arts & Social Sciences | 31.08.2022 |
| c) | Smt. Ashitha R.K | Faculty of Indian Logic | 24.08.2022 |
| d) | Smt. Salini V.G | Faculty of Foreign Languages | 16.09.2022 |
| e) | Smt. Geethu S. Nath | Faculty of Sanskrit Literature | 15.09.2022 |
| f) | Smt. Lisha C.R | Faculty of Sanskrit Literature | 26.09.2022 |
| g) | Smt. Dhanya P.D | Faculty of Indian Languages | 20.09.2022 |

a) Sri. Priyadharsan I. in Sanskrit Vedanta under the Faculty of Indian Metaphysics for the Ph.D thesis titled **“Tarkasaṅgrahas of Ānandajñāna and Annaṁbhaṭṭa – A Contrastive Study”** under the guidance of Dr. G. Narayanan, Professor, Department of Sanskrit Vedanta, SSUS, Regional Campus, Thiruvananthapuram.

b) Sri. Aboobakkar Siddiq T.S. in History under the Faculty of Arts and Social Sciences for the Ph.D thesis titled **“Inlays and Overlays of the Spiritual: Everyday Sufism in Malabar”** under the guidance of Dr. K.M. Sheeba, Professor & Head, Department of History, Sree Sankaracharya University of Sanskrit, Kalady.

c) Smt. Ashitha R.K. in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **“Kiraṇāvalī Prakāśa of Vardhamāna Upādhyāya – A Study”** under the guidance of Dr. G. Ramamoorthy, Professor (Rtd.) Department of Sanskrit Nyaya.

d) Smt. Salini V.G in English under the Faculty of Foreign Languages for the Ph.D thesis titled **“From Ritual to Resistance: The Female Tradition in Kutiyattam”** under the guidance of Dr. Raji B. Nair, Professor, Department of English, Sree Sankaracharya University of Sanskrit, Kalady.

e) Smt. Geethu S. Nath in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Bhaṭadīpikā Commentary of Vaṭaśśeri Parameśvaran Nampūtiri – A Study”** under the guidance of Dr. V.R. Muralidharan, Professor (Rtd.), Department of Sanskrit Sahitya, Sree Sankaracharya University of Sanskrit, Kalady.

f) Smt. Lisha C.R. in Manuscriptology under the Faculty of Sanskrit Literature for the Ph.D thesis titled **“Divyacāpavijayacampū of Veṅkaṭācārya – Edition and Critical Study”** under the guidance of Dr. K.G. Kumari, Professor, Department of Sanskrit Nyaya, Sree Sankaracharya University of Sanskrit, Kalady.

g) Smt. Dhanya P.D. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“തീരദേശ സംസ്കാരം മലയാള സാഹിത്യത്തിൽ (പ്രാതിനിധ്യ സ്വഭാവമുള്ള നോവലുകളെയും ചെറുകഥകളെയും അടിസ്ഥാനമാക്കിയുള്ള വിശകലനം)”** under the guidance of Dr. R.S. Sheeja, Associate Professor, Department of Malayalam, SSUS, Regional Campus, Thiruvananthapuram.

## Item No. 3

ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടേയും പ്രാദേശിക കേന്ദ്രങ്ങളുടേയും പുന:സംഘടന – സംബന്ധിച്ച്. (No. Acd.B1/9865/SSUS/2022)

29.09.2022 ന് കൂടിയ അക്കാദമിക് റീ സ്ട്രക്ചറിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങളും നടപടികളും (അനുബന്ധം I) അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 4

പി.എച്ച്.ഡി കോഴ്സ് വർക്ക് ചെയ്യുന്നതിനുള്ള അനുമതി - സാധൂകരണം സംബന്ധിച്ച്. (No. Acd.A1/3741/SSUS/2015)

സംസ്കൃതം വേദാന്തം ഗവേഷണ പഠനവകുപ്പിലെ 04.02.2015 അഡ്മിഷൻ ഗവേഷകയായ ആരുണി. എസ്. - തന്റെ ജോലിയിൽ നിന്ന് അവധി എടുത്ത് കോഴ്സ് വർക്ക് ചെയ്യാമെന്ന് സമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 2022-23 ബാച്ചിനൊപ്പം കോഴ്സ് വർക്ക് ചെയ്യുന്നതിനും ടി കോഴ്സ് വർക്ക് ആരംഭിക്കുന്ന തീയതി മുതൽ അവസാനിക്കുന്ന ദിവസം വരെ മാത്രം പി.എച്ച്.ഡി രജിസ്ട്രേഷൻ ഫുൾ ടൈം ആക്കി മാറ്റുന്നതിനും അടുത്ത കോഴ്സ് വർക്ക് പരീക്ഷ എഴുതുന്നതിനും അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No.5

സംസ്കൃത വ്യാകരണ വിഭാഗം പ്രൊഫസറായ ഡോ. സി.എച്ച്. സത്യനാരായണയ്ക്ക് അനുവദിച്ച അർദ്ധവേതനാവധി 'വർക്ക് ഫ്രം ഹോം' ആയി മാറ്റി അനുവദിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/8042/SSUS/2022)

മുൻ സംസ്കൃത വ്യാകരണ വിഭാഗം മേധാവി ഡോ. എം. മണിമോഹനൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം സംസ്കൃത വ്യാകരണം പ്രൊഫസറായ ഡോ. സി.എച്ച്. സത്യനാരായണന്റെ അവധി ക്രമീകരിക്കാൻ തീരുമാനിച്ചു.

1. ക്രിസ്തുമസ് അവധിയ്ക്കു ശേഷം അധ്യാപകർ നേരിട്ട് ഹാജരാകണമെന്ന് സർവകലാശാല നിർദ്ദേശിച്ചിരുന്ന കാലയളവായ 28.12.2020 മുതൽ 26.01.2021 വരെ ടിയാന്റെ അഭാവം അർദ്ധവേതന അവധിയായി തന്നെ പരിഗണിക്കുക.

2. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ച 27.01.2021 മുതൽ 09.07.2021 വരെ ടിയാന് അനുവദിച്ച അവധി വർക്ക് ഫ്രം ഹോം ആയി മാറ്റി അനുവദിക്കുക.

## Item No. 6

നളന്ദ സർവകലാശാലയിൽ കരാർ വ്യവസ്ഥയിൽ പ്രൊഫസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് അനുവദിച്ച ശൂന്യവേതനാവധി Extraordinary അവധി യായി ക്രമീകരിക്കുന്നതിന് - തത്വശാസ്ത്രം വകുപ്പ് പ്രൊഫസർ ഡോ. ശ്രീകല എം. നായർ സമർപ്പിച്ച അപേക്ഷ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. 2251/Ad.A3/SSUS/2016)

നളന്ദ സർവകലാശാലയിൽ കരാർ വ്യവസ്ഥയിൽ പ്രൊഫസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് കാലടി മുഖ്യ കേന്ദ്രം തത്വശാസ്ത്ര വകുപ്പ് പ്രൊഫസർ ഡോ. ശ്രീകല എം. നായർക്ക് 04.12.2018 മുതൽ 31.05.2020 വരെ (KSR ഭാഗം I Appendix XII A) അനുവദിച്ച ശൂന്യവേതനാവധി 2018 യു.ജി.സി റെഗുലേഷൻ ക്ലോസ് 8.4 (VI) പ്രകാരം Extra Ordinary അവധിയായി ക്രമീകരിക്കാൻ തീരുമാനിച്ചു. സബാറ്റിക്കൽ ലീവ് സംബന്ധിച്ച് സ്പഷ്ടീകരണം തേടി സർക്കാരിലേക്ക് കത്തയച്ചതിന്റെ തീരുമാനത്തിനായി അടുത്ത സിൻഡിക്കേറ്റ് യോഗം വരെ കാത്തിരിയ്ക്കാൻ തീരുമാനിച്ചു.

## Item No. 7

സർവകലാശാല പെയിന്റിംഗ് വിഭാഗം ലക്ചറർ നോൺ യുജിസി അദ്ധ്യാപകനായ ശ്രീ. സതീഷ് കുമാർ കെ.എ യുടെ അപേക്ഷ ബഹു. കോടതിയുടെ നിർദേശ പ്രകാരം തീരുമാനത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

സർവകലാശാല പെയിന്റിംഗ് വിഭാഗം ലക്ചറർ നോൺ യുജിസി അദ്ധ്യാപകനായ ശ്രീ. സതീഷ് കുമാർ കെ.എ യുടെ വാദമുഖങ്ങൾ സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിച്ചു. സ്റ്റാഫ് & ലീഗൽ ഉപസമിതി ഇക്കാര്യങ്ങൾ പഠിച്ച് കഴിയുന്നതും വേഗം റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 8

സ്ഥിരം അഡ്വാൻസ് തുക കൈപ്പറ്റുന്നതിനും കൈകാര്യം ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ശ്രീ റഷീദ് പി.എസ്. നെ ചുമതലപ്പെടുത്തുന്നത് - സംബന്ധിച്ച്. (No. Eng/12101/SSUS/2011)

സർവകലാശാലയിലെ ചെറിയ തോതിലുള്ള ഇലക്ട്രിക്കൽ ജോലികൾക്കും വാങ്ങലുകൾക്കുമായി അനുവദിച്ചു വരുന്ന സ്ഥിരം മുൻകൂർ തുകയായ 40,000/- രൂപ കൈപ്പറ്റുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഇലക്ട്രിക്കൽ വിഭാഗത്തിലെ സ്ഥിരം അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. റഷീദ് പി.എസ്. - നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 9

പി.എഫ് നിക്ഷേപം - 2022 ജൂലൈ 1 മുതൽ 2022 സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ പലിശമാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. Bill A/5408/ Rate of Interest/SSUS PF/2020)

01.07.2022 മുതൽ 30.09.2022 വരെ സർവകലാശാല ഭവിഷ്യ നിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള 15.08.2022 ലെ സ.ഉ (അച്ചടി) നം. 90/2022/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്താൻ അനുമതി നൽകിയ ബഹു.വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 10

2022 ലെ ഓണം അഡ്വാൻസ് 15,000/- രൂപയിൽ നിന്നും 20,000/- രൂപയാക്കി വർദ്ധിപ്പിച്ചതിന് സാധൂകരണം ലഭിക്കുന്നത് - സംബന്ധിച്ച്. (No. Bill B/13283/ SSUS/2022)

23.08.2022 ലെ 202-ാം സിൻഡിക്കേറ്റ് തീരുമാന പ്രകാരം സർവകലാശാല ജീവനക്കാർക്ക് ഓണം അഡ്വാൻസായി 15,000/- രൂപ അനുവദിക്കാൻ

തീരുമാനിച്ചിരുന്നുവെങ്കിലും ടി തുക 20,000/-രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടുള്ള 30.08.2022 ലെ സ.ഉ. (അച്ചടി) നം. 100/2022/ധന നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവകലാശാല ജീവനക്കാർക്ക് ഓണം അഡ്വാൻസ് 20,000/- രൂപ നൽകാനും ടി തുക 5 തുല്യ ഗഡുക്കളായി പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 11

2022 ലെ ലൈബ്രറി സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. SSUS/Lib/Stock Verification/2016)

സർവകലാശാല കേന്ദ്ര ലൈബ്രറിയിൽ 2022 ജൂൺ 1 മുതൽ 8 വരെ സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തി സ്റ്റോക്ക് വേരിഫിക്കേഷൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 12

SSUS Centre for Academic Writing സ്ഥാപിതമായ വിവരം സിൻഡിക്കേറ്റിൽ അറിയിക്കുന്നത് - സംബന്ധിച്ച്. (No. 00018/IQAC2/SSUS/2022)

SSUS Centre for Academic Writing (SCAW) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിക്രമങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 13

ഗ്രേസ് ഗ്രേഡ് / പോയിന്റ്സ് / മാർക്ക്സ് ഗൈഡ്ലൈൻസ് പരിഷ്കരിച്ചിട്ടുള്ളതിൽ അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച ഭേദഗതികൾ അംഗീകരിച്ച് സർവകലാശാലയിൽ നടപ്പിലാക്കിയത് റിപ്പോർട്ടു ചെയ്യുന്നതു - സംബന്ധിച്ച്. (No. SSC/19406/SSUS/2019)

ശ്രദ്ധിച്ചു.

## Item No. 14

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ റിസർച്ച് ഫെല്ലോ, Bibliographical Survey of Advaita Vedanta എന്ന പ്രൊജക്ട് പൂർത്തിയാക്കി സമർപ്പിച്ചത് - സിൻഡിക്കേറ്റിലേയ്ക്ക് അറിയിക്കുന്നത് - സംബന്ധിച്ച്. [No. ISSS/7337/SSUS/2016 (subfile II)]

ശ്രദ്ധിച്ചു.

## Item No. 15

01.07.2022 ൽ നടന്ന സ്റ്റാഫ് വെൽഫയർ ഫണ്ട് അംഗങ്ങളുടെ വാർഷിക പൊതുയോഗ തീരുമാനങ്ങൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. Ad.D/SWF/4063/SSUS/2022)

വൈസ് ചെയർമാനായ പ്രോ-വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മിയുടെ അധ്യക്ഷതയിൽ 01.07.2022 ൽ നടന്ന സ്റ്റാഫ് വെൽഫയർ ഫണ്ട് അംഗങ്ങളുടെ വാർഷിക പൊതുയോഗത്തിലെ താഴെ പറയുന്ന തീരുമാനങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ് ഇനിമുതൽ ഇ-മെയിൽ മുഖാന്തിരം എല്ലാ അംഗങ്ങൾക്കും യോഗത്തിന് മുമ്പ് അയക്കുക.
2. ഔട്ട്ഡേറ്റഡ് ചെക്കുകളുടെ മൂല്യമായ 24,400/- രൂപ ഓഡിറ്റ് റിപ്പോർട്ടിലെ ചെലവിനത്തിൽ കാണിച്ചത് പിന്നീട് വരവിനത്തിൽ വന്നതായി അറിയിച്ചത് അംഗീകരിക്കുക.
3. സ്റ്റാഫ് വെൽഫയർ ഫണ്ട് അംഗങ്ങളുടെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ അംഗത്വം എടുത്ത് ഒരു വർഷം കഴിഞ്ഞ അംഗങ്ങൾക്ക് എന്നതിനു പകരം അംഗത്വം എടുത്ത എല്ലാ അംഗങ്ങൾക്കും അപേക്ഷിക്കാം എന്ന രീതിയിൽ ഭേദഗതി വരുത്തുക.

4. 08.04.2021 ൽ ചേർന്ന സ്റ്റാഫ് വെൽഫയർ ഫണ്ട് ഡയറക്ടർ ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം സ്റ്റാഫ് വെൽഫയർ ഫണ്ട് ബൈലോ Clause 9 ലെ നിയമങ്ങളിൽ ഭേദഗതി നടത്തുന്നതിനായി രൂപീകരിച്ച കമ്മറ്റി സമർപ്പിച്ച താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുക.

   a) മെമ്പർഷിപ്പ് ഫീ 2000/- രൂപയാക്കി ഉയർത്തുക.

   b) മാസവരി സംഖ്യ 250/- രൂപയാക്കി ഉയർത്തുക.

   c) Clause 9 (a) പ്രകാരമുള്ള റിട്ടയർമെന്റ് ആനുകൂല്യം ഓരോ completed year of membership നും 1000/year എന്ന രീതിയിൽ പുതുക്കുക.

   d) Clause 9 (b) പ്രകാരമുള്ള Death – cum – Discharge benefit താഴെ കൊടുത്തിരിക്കുന്ന പ്രകാരം പുതുക്കുക.

| Sl. No | Period of Membership in the welfare fund | Amount in case of death (to nominee)/ Amount on total disablement to the employee |
|---|---|---|
| 1. | 1 to 5 years | 40000 |
| 2. | 6 to 10 years | 80000 |
| 3. | 11 to 15 years | 110000 |
| 4. | 16 to 20 years | 130000 |
| 5. | 21 years & above | 150000 |

5. സ്റ്റാഫ് വെൽഫെയർ ഫണ്ടിൽ നിന്നും അംഗങ്ങൾക്കായി നൽകുന്ന വായ്പാതുക (60,000/- രൂപ) അംഗങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുക.

   a) ഒരു സാമ്പത്തിക വർഷത്തിൽ പരമാവധി 15 പേർക്ക് വായ്പ നൽകാവുന്നതാണ്. സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ മുൻഗണന ക്രമത്തിലായിരിക്കും വായ്പ നൽകുന്നത്. കൂടാതെ ആവശ്യങ്ങളുടെ പ്രാധാന്യവും കൂടി കണക്കിലെടുത്തായിരിക്കും വായ്പ അനുവദിക്കുന്നത്.

   b) 5% സാധാരണ പലിശയാണ് വായ്പയ്ക്ക് ഈടാക്കുന്നത്. പലിശ നിരക്ക് ആവശ്യമെങ്കിൽ പരിഷ്കരിക്കാവുന്നതും, വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിക്കുന്ന പലിശ നിരക്ക് ടി വായ്പ പൂർത്തീകരിക്കുന്നതുവരെ തുടരാവുന്നതും ആണ്.

c) വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ ശമ്പളത്തിൽ നിന്നും മുതലും പലിശയും ഈടാക്കി തുടങ്ങുന്നതാണ്. 12 തുല്യ ഗഡുക്കളായിട്ടാണ് ഈടാക്കുന്നത്.

d) സ്റ്റാഫ് വെൽഫയർ ഫണ്ടിൽ നിന്നും അനുവദിക്കുന്ന ലോൺ ചികിത്സ, വിവാഹം എന്നിവ കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് കൂടി അനുവദിക്കുക.

e) Clause 9 (c) ൽ മാരകരോഗങ്ങൾക്കുള്ള ചികിത്സാ സഹായം എന്നുള്ളത് എല്ലാ രോഗങ്ങൾക്കും എന്നു മാറ്റുക.

f) വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 'ബൈ ലോ' യിൽ രേഖപ്പെടുത്തിയിരിക്കുന്ന നിലവിലെ മറ്റ് എല്ലാ ഉപാധികളും, നിബന്ധനകളും തുടരുന്നതാണ്.

## ADDITIONAL AGENDA

### Item No. 1

സംസ്കൃത സാഹിത്യത്തിലെ ഉത്തര കടലാസുകൾ കാണാതായതുമായി ബന്ധപ്പെട്ട അന്വേഷണ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. EB/9455/SSUS/2020)

സർവകലാശാലയിലെ സംസ്കൃത സാഹിത്യ വിഭാഗത്തിലെ ഉത്തരക്കടലാസുകൾ കാണാതായതുമായി ബന്ധപ്പെട്ട് 14.07.2021 ൽ രൂപീകരിച്ച അന്വേഷണ കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ തീരുമാനിച്ചു. ഇത് മോണിറ്റർ ചെയ്യാൻ പരീക്ഷാ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. കൂടാതെ ഉത്തരക്കടലാസുകൾ കാണാതായതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത സംസ്കൃതം സാഹിത്യ വിഭാഗത്തിലെ ഡോ. കെ. എം. സംഗമേശന്റെ സസ്പെൻഷൻ കാലാവധി നിയമാനുസൃതമായി ക്രമപ്പെടുത്താനും തീരുമാനിച്ചു.

## Item No. 2

പരീക്ഷകളിൽ ഉപയോഗിക്കുന്ന ഉത്തരക്കടലാസുകൾ - സംബന്ധിച്ച്. [No. EA/5586/SSUS/2011]

07.10.2022 ലെ പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയിൽ പരീക്ഷകൾക്ക് ഉപയോഗിക്കുന്ന ഉത്തരക്കടലാസുകൾ സംബന്ധിച്ച് 04.08.2022 ൽ ചേർന്ന കമ്മിറ്റി ശിപാർശ ചെയ്ത താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. നിലവിൽ ഉപയോഗിക്കുന്ന 12 പേജുള്ള ഉത്തരക്കടലാസ് ബുക്കലെറ്റിന്റെ പേജുകളുടെ എണ്ണം 8 പേജുകൾ ആയി (6 writing pages) കുറയ്ക്കാവുന്നതാണ്.
2. നിലവിൽ ഉപയോഗിക്കുന്ന 12 പേജുള്ള ഉത്തരക്കടലാസ് ബുക്കലെറ്റുകൾ തീരുന്ന മുറയ്ക്ക് (20 പേജിന്റെ ബുക്കലെറ്റുകൾ വിവിധ പ്രാദേശിക കേന്ദ്രങ്ങൾ / വകുപ്പുകളിൽ ഉണ്ടെങ്കിൽ അവയും തീരുന്ന മുറയ്ക്ക്) 8 പേജിന്റെ ഉത്തരക്കടലാസുകൾ ഉപയോഗിച്ചു തുടങ്ങാവുന്നതാണ്.
3. 12 പേജുള്ള ഉത്തരക്കടലാസിൽ കൂടുതൽ ആവശ്യമായി വരുന്നവർക്ക് 12 പേജ് തന്നെയുള്ള ഉത്തരക്കടലാസ്, അഡീഷണൽ ആയി നൽകുന്ന രീതിയാണ് ഇപ്പോൾ ഉള്ളത്. അഡീഷണൽ ഷീറ്റുകൾ ആയി വീണ്ടും main answer booklet കൾ തന്നെ ഉപയോഗിക്കുന്നതിന് പകരം 4 പേജുള്ള ബാർകോഡ് പ്രിന്റ് ചെയ്ത അഡീഷണൽ ഉത്തരക്കടലാസുകൾ പ്രിന്റ് ചെയ്യാവുന്നതും അവ നിലവിൽ ഉപയോഗിക്കുന്ന 20/12 പേജ് ആൻസർ ബുക്കലെറ്റുകൾക്ക് ഒപ്പം ഉപയോഗിക്കാവുന്നതുമാണ്.
4. അഡീഷണൽ ഉത്തരക്കടലാസുകൾ, main answer booklet കൾ പ്രിന്റ് ചെയ്യുന്നതു പോലെ KS, AA, LN, AK സീരീസിൽ പ്രിന്റ് ചെയ്യാവുന്നതാണ്. സീരീസ് എല്ലാ പേജുകളിലും പ്രിന്റ് ചെയ്യേണ്ടതാണ്.
5. അഡീഷണൽ ഉത്തരക്കടലാസ് ഷീറ്റിൽ സീരിയൽ നമ്പർ പ്രിന്റ് ചെയ്യുന്നതിനു പകരം (രഹസ്യ സ്വഭാവം നിലനിർത്തുന്നതിനായി)

ബാർകോഡ് റീഡർ വഴി സീരിയൽ നമ്പർ വായിക്കാവുന്ന സംവിധാനം ഉണ്ടാക്കേണ്ടതാണ്.

6. ഉത്തരക്കടലാസുകൾ staple ചെയ്യുന്ന രീതി തുടരാവുന്നതാണ്.
7. ആൻസർ ബുക്കലെറ്റിന്റെ പേജുകളുടെ എണ്ണം കുറയുന്നതിനാൽ, അവ 500 ന്റെ കെട്ടുകളായും, അഡീഷണൽ ഷീറ്റുകൾ 1000 ന്റെ കെട്ടുകൾ ആയും വിതരണം ചെയ്യാവുന്നതാണ്.

## Item No. 3

തുറവൂർ പ്രാദേശിക കേന്ദ്രം - ഡോ. പ്രമീള എ.കെ സമർപ്പിച്ച പരാതി - അന്വേഷണ റിപ്പോർട്ട് തുടർനടപടി തീരുമാനിക്കുന്നതിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/9736/SSUS/2022)

തുറവൂർ പ്രാദേശിക കേന്ദ്രം സംസ്കൃത സാഹിത്യ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ആയിരുന്ന ഡോ. പ്രമീള എ. കെ 27.06.2022 ന് സാഹിത്യ വിഭാഗം ഇൻ ചാർജ്ജായ ഡോ. കിരൺ എ. യു. നെതിരെ സമർപ്പിച്ച പരാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി നിയോഗിച്ച അന്വേഷണ സമിതി 25.08.2022 ന് സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഡോ. സനൽ മോഹൻ (കൺവീനർ), ഡോ. ചിത്ര പണിക്കർ, ഡോ. കെ. എം. അനിൽ എന്നീ ഡീൻമാർ അടങ്ങുന്ന അന്വേഷണ കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 4

ഡോ. എ. എസ്. പ്രതീഷ് ഓണാഘോഷത്തിനിടെ വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയതായുള്ള പരാതിയിൽ ഐ.സി.സി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ നടപ്പിലാക്കിയത് സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. [No. 00057/Ad.A3/SSUS/2022(1)]

തിരുവനന്തപുരം പ്രാദേശിക കേന്ദ്രം ക്യാമ്പസ് ഡയറക്ടറും മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. എ.എസ്. പ്രതീഷ് ഓണാഘോഷത്തിനിടെ എം.എ. മലയാളം ഒന്നാം വർഷ വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെ 30.09.2022 ന്

അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ടി പരാതിയിൽ ഐ.സി.സി സമർപ്പിച്ച 30.09.2022 തീയതിയിലെ റിപ്പോർട്ട് പ്രകാരമുള്ള നടപടി ക്രമങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ട് 07.10.2022 ന് ഉത്തരവ് പുറപ്പെടുവിക്കുകയും നിലവിൽ ഡോ. എ. എസ്. പ്രതീഷ് സസ്പെൻഷനിലായതിനാൽ ട്രാൻസ്ഫർ സംബന്ധിച്ച വിശദമായ ഉത്തരവ് അതിനുശേഷം പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 5

മലയാളം വകുപ്പ് പ്രൊഫസർ ഡോ. ഷാജി ജേക്കബ് നൽകിയ റിട്ട് പെറ്റീഷനിൻ മേൽ 18.07.2022 - ലെ ഹൈക്കോടതി വിധി WP(C)13018/2014 അടിസ്ഥാന ത്തിൽ ടിയാൾക്കെതിരെയുള്ള ശിക്ഷാനടപടി - തീരുമാനം കൈക്കൊള്ളുന്നത് - സംബന്ധിച്ച്. (No. 2167/Ad.A3/SSUS/2016)

സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 6

സംസ്കൃത പ്രചാരണ വിഭാഗം - ശാസ്ത്ര സംവർദ്ധിനി സെന്റർ ഗവേണിംഗ് ബോഡിയുടെ തീരുമാനങ്ങൾ സിൻഡിക്കേറ്റിലേക്ക് അറിയിക്കുന്നത് - സംബന്ധിച്ച്. (No. S.T.R/13757/SSUS/2016)

ശ്രദ്ധിച്ചു. ഒക്ടോബർ 8-ാം തീയതി ചേർന്ന ഓൺലൈൻ യോഗത്തെ സംബന്ധിച്ച് പ്രോ വൈസ് ചാൻസലർ റിപ്പോർട്ട് ചെയ്ത കാര്യങ്ങളും ശ്രദ്ധിച്ചു.

## Item No. 7

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ കർമ്മപദ്ധതികളും ബജറ്റും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. ISSS/6536/SSUS/2017)

പ്രസ്തുത വിഷയം ഫിനാൻസ് സ്ഥിരം സമിതി പരിശോധിച്ച് ശുപാർശ ബഹു. വൈസ് ചാൻസലർക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 8

സോഷ്യൽ വർക്ക് വിഭാഗത്തിൽ 'മുഹമ്മദ് കെ. പി മെമ്മോറിയൽ എൻഡോവ്മെന്റ്' സ്ഥാപിക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/16886/SSUS/2021)

സർവകലാശാലയിലെ സോഷ്യൽ വർക്ക് വിഭാഗത്തിലെ 1997-99 ബാച്ച് വിദ്യാർത്ഥിയായിരുന്ന ശ്രീ മുഹമ്മദ് കെ. പി. യുടെ സ്മരണാർത്ഥം സോഷ്യൽ വർക്ക് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി 1,65,000/- രൂപ (ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) സ്ഥിരനിക്ഷേപമുള്ള "മുഹമ്മദ് കെ.പി. മെമ്മോറിയൽ എൻഡോവ്മെന്റ്" ആരംഭിക്കുന്നതിന് സോഷ്യൽ വർക്ക് വിഭാഗം വകുപ്പ് മേധാവി ഡോ. ജോസ് ആന്റണി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പ്രസ്തുത എൻഡോവ്മെന്റ് ആരംഭിക്കുവാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. കൂടാതെ എൻഡോവ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങളും വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും (അനുബന്ധം II) അംഗീകരിക്കാനും തീരുമാനിച്ചു.

## Item No. 9

തുല്യത സർട്ടിഫിക്കറ്റിനുള്ള ഫീസ് പുന:പരിശോധിക്കുന്നത് - സംബന്ധിച്ച്. (No. Acd.C2/11085/SSUS/2022)

അക്കാദമിക് & റിസേർച്ച്, ഫിനാൻസ് സ്ഥിരം സമിതികളുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 10

പി എച്ച് ഡി ഗവേഷകർക്ക് 4-ാം വർഷം ഫെല്ലോഷിപ്പ് അനുവദിക്കുന്നത് - സംബന്ധിച്ച്. (No. Acd.A2/13351/SSUS/2019)

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ്, അക്കാദമിക് & റിസർച്ച് എന്നീ സിൻഡിക്കേറ്റ് സ്ഥിരം സമിതികളുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 11

താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട എ.ജി. ഓഡിറ്റ് തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച റിപ്പോർട്ട് - (No. Ad.B3/10718/ SSUS/2021)

സർവകലാശാലയിലെ അനദ്ധ്യാപക തസ്തിക സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തി രജിസ്ട്രാർ തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിക്കുന്നതിനായി സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 12

23.08.2022 തീയതിയിലെ 202-ാമത് സിൻഡിക്കേറ്റ് മിനുട്സിലെ മുഖ്യ അജണ്ട ഇനം നമ്പർ 6 ലെ തീരുമാനത്തിൽ തിരുത്തൽ വരുത്തുന്നത് - സംബന്ധിച്ച്. (No. EC/4905/SSUS/2018)

23.08.2022 ലെ 202 -ാമത് സിൻഡിക്കേറ്റ് മിനിട്സിലെ മുഖ്യ അജൻഡ ഇനം 6 പ്രകാരം ജിഷ്ണുദേവൻ ഡി. യുടെ അഞ്ച്, ആറ് സെമസ്റ്റർ റീ-അപ്പിയറൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചത് 2017 ഒക്ടോബറിൽ നടന്ന 5-ാം സെമസ്റ്റർ റെഗുലർ (VB116Sg – Indian Hermeneutics എന്ന കോഴ്സ് ഒഴികെ), 2018 ഏപ്രിലിൽ നടന്ന 6-ാം സെമസ്റ്റർ റെഗുലർ, 2018 ഒക്ടോബറിൽ നടന്ന 5-ാം സെമസ്റ്റർ റീ-അപ്പിയറൻസ് എന്നീ പരീക്ഷകളുടെ ഫലമാണ് പ്രസിദ്ധീകരിക്കേണ്ടത് എന്ന് തിരുത്തൽ വരുത്തി സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി ഉത്തരവ് പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

# OUT OF AGENDA

## Item No.1

കൊയിലാണ്ടി കോട്ടക്കുന്നിലെ സംസ്കൃത സർവകലാശാലയുടെ ഭൂമിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി എം.എൽ.എ ശ്രീമതി. കാനത്തിൽ ജമീല വിളിച്ച ചേർത്ത ചർച്ച – റിപ്പോർട്ട് സംബന്ധിച്ച്.

സർവകലാശാലയുടെ കോട്ടക്കുന്നിലെ ഭൂമിയ്ക്ക് കമ്പിവേലി കെട്ടി അതിർത്തി വ്യക്തമാക്കുന്നതിന് മറ്റേതെങ്കിലും ഹെഡ്ഡിൽ നിന്നും 8 ലക്ഷം രൂപ അനുവദിയ്ക്കാൻ തീരുമാനിച്ചു.

## Item No.2

Claim for Headship -Department of English – reg. (No. Ad.A3/154/SSUS/2022)

ഈ വിഷയത്തിൽ കോടതിയിൽ നൽകിയിരുന്ന സത്യവാങ്മൂലത്തിന്റെയും സ്റ്റാൻഡിംഗ് കൗൺസിലിന്റെ ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ ഡോ. സി. എം. മനോജ്കുമാറിനെ ഇംഗ്ലീഷ് വകുപ്പ് അധ്യക്ഷനാക്കാനും, കോടതി വിധി പ്രകാരം ഇക്കാര്യം ഡോ. രാജി ബി. നായരെ അറിയിക്കാനും തീരുമാനിച്ചു. (ഈ അജണ്ട ചർച്ച ചെയ്തപ്പോൾ ഡോ. സി. എം. മനോജ്കുമാർ യോഗത്തിൽ നിന്നും വിട്ടു നിന്നു)

## Item No.3

സർവകലാശാല മുഖ്യ കേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്ക് II, യൂട്ടിലിറ്റി കെട്ടിടം എന്നിവിടങ്ങളിൽ ഓരോ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (No. Eng/9256/SSUS/2022)

വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു. ഓരോ ഉപസമിതിയുടേയും പരിഗണനയ്ക്ക് വരേണ്ട വിഷയങ്ങളുടെ ലിസ്റ്റ് സമയാസമയങ്ങളിൽ പുതുക്കി ഉപസമിതി കൺവീനർമാരെ അറിയിക്കാൻ സിൻഡിക്കേറ്റ് സെക്ഷനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No.4

മോഹിനിയാട്ടം വിഭാഗത്തിലെ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ സീറ്റുകളുടേയും ഫീസിന്റെയും വർദ്ധനവ് - സംബന്ധിച്ച്. (No. Acd.B1/4890/SSUS/2019)

ശ്രദ്ധിച്ചു.

## Item No.5

2022-23 വർഷത്തിൽ വെബിനാർ നടത്തേണ്ടതില്ലെന്ന സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് - സംബന്ധിച്ച് (No.Acd.C1/7185/ SSUS/2022)

അത്യാവശ്യ ഘട്ടങ്ങളിൽ വെബിനാറുകൾ നടത്താമെന്ന് തീരുമാനിച്ചു.

യോഗം 2.30 pm ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**